പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.155 | 13.06.2019 ൽ മറുപടിയ്ക്ക്

ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണം

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ. കെ. ബാബു
ശ്രീ. ഡി.കെ. മുരളി
ശ്രീ. യു. ആർ. പ്രദീപ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും തത്സമയം തന്നെ ഉപഭോക്താക്കൾ അമിത വില നൽകാൻ നിർബന്ധിതരാകുകയും ചെയ്യുന്ന സ്ഥിതി രാജ്യത്താകെ നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണത്തിനായി നടത്തി വരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ 10 മുതൽ 20%വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എംആർപിയേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast moving consumer goods) സാധനങ്ങളും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലയളവിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ, പ്രത്യേക ചന്തകളും സംഘടിപ്പിച്ചു വരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. |
| (ബി) | അരിയുൾപ്പെടെയുള്ള ഭക്ഷ്യ ധാന്യങ്ങൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും അനിയന്ത്രിതമായ ഇന്ധന വില വർദ്ധനവും സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവിന് വഴിയൊരുക്കാതിരിക്കാനായി ഭക്ഷ്യ വകുപ്പ് നടത്തി വരുന്ന ഭക്ഷ്യധാന്യ സംഭരണ വിതരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | |
| (സി) | പൊതുവിതരണ ശൃംഖലയെ ശാക്തീകരിച്ചുകൊണ്ടും വില സ്ഥിരതാഫണ്ട് ഉപയോഗിച്ച് | (സി) | പൊതു വിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും കാർഡുടമകൾക്ക് ഭക്ഷ്യധാന്യം കൃത്യമായ അളവിലും തൂക്കത്തിലും ലഭ്യമാക്കുന്നതിനും വാതിൽപ്പടി |

| | | | |
|---|---|---|---|
| | കൊണ്ടും നടത്തി വരുന്ന വില നിയന്ത്രണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | വിതരണം ആരംഭിച്ചു. വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് നാഫെഡിൽ നിന്നും തുവരപ്പരിപ്പ്, കടല, ചെറുപയർ, ഉഴുന്ന് എന്നിവ വാങ്ങി മിതമായ നിരക്കിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നതു വഴി ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രണം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ